ഈ പദ്ധതി പ്രകാരം ബാണാസുര സാഗർ തടാകത്തിലെ 28 ദ്വീപുകളിൽ ഓരോന്നിലും അവയുടെ പരിസ്ഥിതിക്ക് അനുസൃതമായി വൈവിധ്യപൂർണ്ണമായ താമസസൗകര്യങ്ങൾ ഉൾപ്പെടെയുള്ള ആകർഷണങ്ങളും മേൽപ്പറഞ്ഞ ദ്വീപുകളെ ബന്ധിപ്പിക്കുന്ന തരത്തിൽ ഹോവർ ക്രാഫ്റ്റ്, റോപ്പ്വേ തുടങ്ങിയ യാത്രാ സൗകര്യങ്ങളും സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

അനെർട്ടിലേയും ഊർജ്ജ സുരക്ഷാ മിഷനിലേയും ഡെപ്യൂട്ടേഷൻ ജീവനക്കാർ

183 (5588) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനെർട്ടിലും, ഊർജ്ജ സുരക്ഷാ മിഷനിലുമായി എത്ര ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട് ; ഇവരെ ഏതെല്ലാം ഡിപ്പാർട്ടുമെന്റിൽ നിന്നാണ് നിയമിച്ചിട്ടുള്ളത് ; ഓരോരുത്തരുടേയും നിയമന ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) മേൽ നിയമനം നടത്തിയതുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാർക്ക് എതിരെ 2010-ൽ സർക്കാരിന് സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട് ; പേര് ഉൾപ്പെടെ വിശദമാക്കുമോ ; പരാമർശത്തിന്റെ കോപ്പിയും, തുടർന്ന് എന്ത് നടപടികൾ സ്വീകരിച്ചു എന്നും വിശദമാക്കുമോ ;

(സി) ഊർജ്ജ സുരക്ഷാമിഷൻ പദ്ധതിയിലേക്ക് എത്ര ടെക്നിക്കൽ അസിസ്റ്റന്റുമാർ, സീനിയർ ടെക്നിക്കൽ അസിസ്റ്റന്റുമാർ എന്നിവരെ നിയമിച്ചിട്ടുണ്ട് ; ഇവരുടെ നിയമന രീതി എപ്രകാരമായിരുന്നു ; ഇതുവരെ ശമ്പള ഇനത്തിൽ എത്ര രൂപ ഓരോരുത്തരും ഓരോ മാസവും കൈപ്പറ്റി ; ഇവർക്ക് ട്രെയിനിംഗ് കൊടുത്തതിന് നാളിതുവരെ എന്ത് തുകയായി ; എല്ലാം തരം തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) അനെർട്ടിലും ഊർജ്ജ സുരക്ഷാ മിഷനിലും കുടുംബശ്രീ യൂണിറ്റ് വഴി എത്ര പേരെ നിയമിച്ചിട്ടുണ്ട് ; നിയമനരീതി എപ്രകാരമായിരുന്നു ; നിയമന ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ; ശമ്പള ഇനത്തിൽ ഇതുവരെ എന്ത് തുക ചെലവഴിച്ചു ; ഏതെങ്കിലും കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ഇവരെ നിയമിച്ചതെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) അനെർട്ടിൽ 26 പേരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിവിധ വകുപ്പുകളിൽ നിന്നും നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ, നിയമന ഉത്തരവുകളുടെ പകർപ്പുകൾ എന്നിവ യഥാക്രമം അനുബന്ധം 1, 2 ആയി ചേർക്കുന്നു.†

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2010 ൽ ലഭിച്ച ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിൽ അഭിലാഷ്, ബിജുലാൽ എന്നിവരുടെ നിയമനത്തെ സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത പരാമർശത്തിനുള്ള മറുപടി എ.ജി.ക്ക് നൽകിയിട്ടുണ്ട്. എ.ജി. യുടെ പരാമർശത്തിന്റെ കോപ്പി അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.†

(സി) 123 ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുണ്ട്. ക്യാമ്പസ്സ് സെലക്ഷൻ വഴി ഇ.എം.സി. നടത്തിയ ഒരു സെലക്ഷൻ പ്രക്രിയയിലൂടെയാണ് ഇവരുടെ അർഹതാലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകളാണ് ഇവരുടെ നിയമനം നടത്തിയത്. ഇവർക്ക് ശമ്പളയിനത്തിൽ നൽകിയിട്ടുള്ള തുകയുടെ സ്റ്റേറ്റ്മെന്റ് അനുബന്ധം-4 ആയി വയ്ക്കുന്നു.† ഇവർക്ക് ട്രെയിനിംഗ് കൊടുത്തതിന് 2008-2009-ൽ 88,043 രൂപയും (എൺപെത്തിയെട്ടായിരത്തി നാൽപ്പത്തി മൂന്ന് രൂപ മാത്രം) 2009-10-ൽ 8,59,745 രൂപയും (എട്ട് ലക്ഷത്തി അമ്പത്തിയൊമ്പതിനായിരത്തി എഴുന്നൂറ്റി നാൽപ്പത്തിയഞ്ച് രൂപ മാത്രം) ചെലവായി.

രണ്ട് സീനിയർ അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുണ്ട്. സീനിയർ ടെക്നിക്കൽ അസിസ്റ്റന്റുമാരെ ഓപ്പൺ നോട്ടിഫിക്കേഷൻ മുഖാന്തിരമാണ് കണ്ടെത്തിയത്. ഇവരുടെ ശമ്പളം താഴെ കൊടുക്കുന്നു :

നമ്പർ	പേര്	ഏപ്രിൽ	മേയ്	ജൂൺ
1	വിനോദ് ചന്ദ്രൻ	500	7500	7500
2	റ്റി. എൻ. പ്രവീൺ ചന്ദ്	400	6000	6000

(ഡി) രണ്ടുപേരെ നിയമിച്ചിട്ടുണ്ട്. കുടുംബശ്രീ വഴി താൽക്കാലിക സേവനങ്ങൾക്കായി ആളുകളെ നിയോഗിക്കാമെന്നുള്ള സർക്കാർ നിർദ്ദേശ പ്രകാരമാണ് ഇവരെ നിയോഗിച്ചത്. നിയമന ഉത്തരവിന്റെ പകർപ്പ് അനുബന്ധം-5 ആയി വച്ചിട്ടുണ്ട്.† ഇതുവരെയായി ഇവർക്ക് ശമ്പള ഇനത്തിൽ 64,600 രൂപ ചെലവഴിച്ചു.

അനെർട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

184 (T5589) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'അനെർട്ട്' എന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly